# ഇ-നവജ്യോതി

ഒരു ലിറ്റിൽകൈറ്റ്സ് പ്രസിദ്ധീകരണം



**എൽ.എം.എസ്.എച്ച്.എസ്.എസ്.ചെമ്പൂര് 2018-19**



# ആശംസ

ചെമ്പൂര് എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇ-മാഗസിൻ എന്ന പുതിയ ഈ സംരംഭം ആരംഭിച്ചതിൽ അതിയായ സന്തോഷമുണ്ട്. സ്കൂളിന് അഭിമാനമായ ഈ പ്രവർത്തനം കൂടുതൽ മികവിലേയ്ക്കെത്തട്ടെ എന്ന് ഞാനാശംസിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്കൂളിന്റേയും എന്റേയും പേരിലുള്ള ഹൃദയം നിറഞ്ഞ ആശംസകൾ !!!!

സ്നേഹപൂർവ്വം

പുഷ്പരതി.എൽ (ഹെഡ്മിസ്ട്രസ്സ്)





# ആശംസ

ചെമ്പൂര് എൽ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇ-മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. സി.എസ്.ഐ.ദക്ഷിണ കേരള മഹായിടവക കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ മികവ് പുലർത്തുന്ന ഈ സ്കൂളിലെ പുതിയസംരംഭത്തിന് വർത്തമാന കാലഘട്ടത്തിൽ ഏറെ പ്രസക്തിയുണ്ട്.

എല്ലാവിധ ഭാവുകങ്ങളും നേരുന്നു..........

സ്നേഹാദരവോടെ

HSS പ്രിൻസിപ്പാൾ

സജീവ് .എസ്



# ആശംസ



ചെമ്പൂര് എൽ .എം. എസ് .ഹയർ സെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ **E-Magazine** എന്ന പുതിയ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.കുരുന്നു

കുട്ടികളുടെ ഇത്തരത്തിലുള്ള സ്വർഗ്ഗവാസനയ്ക്ക് ഇന്ന് സമൂഹത്തിൽ ഏറെ പ്രസക്തിയുണ്ട് . ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പി.ടി.എ.യുടെ പേരിലുള്ള എല്ലാവിധ ആശംസകളും നേരുന്നു.....

"നന്മ വരട്ടെ"



ആദരവോടെ

ബി.വിശ്വനാഥൻ

പി.ടി.എ.പ്രസിഡൻറ്



# ആശംസ

ചെമ്പൂര് എൽ. എം. എസ് .ഹയർ സെക്കൻററിസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ E-Magazine തയാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ തൊട്ടുണർത്തുന്ന ഈ മാഗസിൻ നമ്മുടെ സ്കൂളിന് അഭിമാനമാണ്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്കൂളിലെ എല്ലാ ജീവനക്കാരുടെയും പേരിൽ ആശംസകൾ നേർന്നുകൊള്ളുന്നു

വിനയത്തോടെ

D.R.ഷാജു ശാമുവൽ

സ്റ്റാഫ് സെക്രട്ടറി



# ആശംസ



എൻെറ പ്രിയപ്പെട്ട മക്കളെ.....

കാലങ്ങളായി നിങ്ങൾ സൂക്ഷിച്ച ആവനാഴിയിലെ അമ്പുകൾ എയ്യാൻ നിങ്ങൾക്ക് കിട്ടിയ അവസരം .... സർഗാത്മകമായ കഴിവുകൾ വാരി വിതറാൻ നിങ്ങൾക്ക് E-മാഗസീനിലൂടെ കഴിയണം. സ്നേഹിക്കാനും സ്നേഹിപ്പിക്കാനും,ബഹുമാനിക്കാനും,അനുസരിക്കാനും തൂലികകൾക്ക് കഴിയണം.2018-ലെ ജലപ്രളയത്തിൽ കേരള ജനതയും സ്കൂൾ വിദ്യാർത്ഥികളും കാണിച്ച സ്നേഹം ഒരിക്കലും വറ്റാത്ത ഉറവയായി മാറാൻഎൽ.എം.എസ്.എച്ച്. എസിലെ ഓരോ വിദ്യാർത്ഥിയ്ക്കും കഴിയട്ടെ എന്ന് ആശംസിയ്ക്കുന്നു.

സ്നേഹാദരങ്ങളോടെ,
ഷിബു.വി.സ്

എൻ.എം.എസ്.എച്ച്.എസ്.എസ് .ചെമ്പൂർ
PTA
Vicepresident



# ആശംസ

ചെമ്പൂര് എൽ. എം എസ് .എച്ച്.എസ്.എസ്-ലെ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മ തയ്യാറാക്കിയ E-magazine എന്ന സംരംഭത്തിനു എല്ലാവിധ ആശംസകളും നേർന്നു കൊള്ളുന്നു. കുട്ടികളിലെ ചില തരത്തിലുള്ള കഴിവുകൾ Magazine ആയി തയാറാക്കിയതിൽ വളരെ സന്തോഷമുണ്ട് ഈ Magazine- തയ്യാറാക്കുന്നതിൻെറ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എൻെറ ആശംസകൾ നേരുന്നു

ആശംസകളോടെ

സിൻേറാ

സ്കൂൾ ലീഡർ

# ആശംസ

ചെമ്പൂര് എൽ.എം.എസ്.എച്ച്.എസ്.എസ് ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ E-magazine എന്ന പുതിയ സംരംഭത്തിന് തുടക്കം കുറിച്ചതിൽ വളരെയധികം സന്തോഷമുണ്ട് നമ്മുടെ സ്കൂളിന് അഭിമാനമായ ഈ സംരംഭത്തിന് തുടക്കം കുറിക്കാനും ഇതുവരെ എത്തിക്കാനും കഴിഞ്ഞതിൽ സന്തോഷിക്കുന്നു ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ Little kites അംഗങ്ങൾക്കും ടീച്ചർമാർക്കും Little kites-ൻെറ chairman എന്ന നിലയിൽ എൻെറ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു

സ്നേഹത്തോടെ

ജോസ്സ ജെസ്റ്റിൻ

**Little Kites Chairman**



## ആശംസ



ഈ സ്കൂളിലെ കുഞ്ഞു പട്ടങ്ങൾക്ക് വൈവിധ്യമാർന്നതും യുക്തവുമായ തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി നിങ്ങളുടെ കഴിവുകളെ ഈ-നവജ്യോതിയിലൂടെ തുറന്നു കാട്ടാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. ഇലക്ട്രോണിക് യുഗത്തിൽ ഈ പട്ടങ്ങൾ ഇനിയും ഉയരങ്ങളിൽ പറക്കട്ടെ എന്ന് ആശംസിക്കുന്നു

Little kites കൺവീനർ

ഫാൻസിലത.എസ്

## ആശംസ



സമൂഹത്തിൽ ജ്യോതിസ്സുകളെപ്പോലെ കുതിച്ചുയരാൻ നവജ്യോതിയിൽ തൂലിക ചലിപ്പിച്ച എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു

Little kites കൺവീനർ

നിഷാറാണി.ജി.പി

# എഡിറ്റോറിയൽ

2018-2019 **അധ്യയനവർഷത്തെ മികവിൻറെ വർഷമായി സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പഠനരീതി വരുന്നതോടെ** 45000 **ക്ലാസ്സ മുറികൾ ഹൈടെക്ക് ആയിരിക്കുകയാണ്. ജനാധിപത്യമൂല്യമുള്ള ഗുണമേന്മയുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നവിദ്യാലയങ്ങളായി നമ്മുടെ സ്കൂളുകൾ മാറിയിരിക്കുന്നു.**

**വിവരവിനിമയ ലോകത്തിലേയ്ക്കുള്ള അറിവിൻെറ വാതായനം തുറന്ന് പ്രപഞ്ചത്തിലുടനീളം സഞ്ചരിച്ച് മികവുകൾ കൊയ്തെടുക്കാൻ "ഈ-നവജ്യോതി" മാഗസിൻ പ്രയോജനം ചെയ്യട്ടെ. ഞങ്ങളുടെ കലാവിരുതുകൾ ഹൈ -ടെക്ക് സംവിധാനത്തിലൂടെ ഇതിൽ വരച്ചു കാട്ടുന്നു. ഇതിൽ വിരലുകൾ ചലിപ്പിച്ച എല്ലാ കുട്ടുകാർക്കും സഹായിച്ച അധ്യാപകർക്കും നന്ദി------------**

**സ്നേഹത്തോടെ**

**എഡിറ്റർ**

**അലീന** S .S



# എഡിറ്റോറിയൽ അംഗങ്ങൾ

ജോസ്ന ജസ്റ്റിൻ(ചെയർമാൻ) -9B

അലീന.എസ്.എസ്(എഡിറ്റർ) -9c

ആകർഷ.എസ്.ബി -9c

സെനോ.എസ്.എം -9c

ഹിമ.ഐ -9c

## ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്

- നിഷാറാണി.ജി.പി
- ഫാൻസി ലത. എസ്
- ഷീജ.ടി.എൽ(SITC)



# ഉള്ളടക്കം


1. മുത്തശ്ശനും പേരകുട്ടിയും (കഥ)-അനുജ.N.A 8C....................13 Page No.
2. പൂക്കൾ ,പൂമ്പാറ്റ (കവിത) -അലീന S.S.9C.....................15
3. കുഞ്ഞുകുരുവിയുടെ ദാഹം(കഥ) -ആകർഷ S.B 9C.................16
4. എന്റെ ജീവൻ (കവിത) സ്വപ്ന സുനിൽ 6D.........................17
5. കുരങ്ങനും മുതിരയും (കഥ) സൂരജ് S.S 8B...........................18
6. കടലാസിന്റെ ദു:ഖം (കവിത) 9B...................................19
7. പ്രതിഫലം (കഥ) അനാമിക എസ്.സുമോദ് 6 ബി................20
8. ശാസ്ത്ര കുറിപ്പ് ആകർഷ എസ്.ബി 9 സി......................21
9. ഇതു ഞാനാണേ (കവിത) അലീന എസ്.എസ് 9 സി..........23
10. കിന്നരി പൂമ്പാറ്റ (കഥ) ആകർഷ എസ്.ബി 9 സി..................24
11. വിട പറയാൻ (കവിത) മേഘ സന്തോഷ് 9 സി........................26
12. വികൃതി കരടിയും തേനീച്ചകളും (കഥ) സുമി.എസ്.9 സി...............27
13. മണ്ണിൽ ഒരു കുട (കവിത) ആകർഷ 9 സി............................28
14. വിൽക്കാത്ത ലഡു (കഥ) അലീന 9 സി..............................29
15. നമ്മുടെ ഭാരതം ( കവിത) മേഘ 9 സി................................30
16. പ്രളയം തന്ന പാഠം (ലേഖനം ) ............................................31
17. കുഞ്ഞു സ്നേഹം (കവിത) അബിഷിത 6 ബി...............................33
18. മിന്നാമിന്നികൾ പൊന്നായി (കഥ) അലീന 9 സി........................34
19. ചിറക് (കവിത) സെനോ 9 സി............................................36
20. മഴത്തുള്ളികൾ (കവിത) അനീഷ്മ എം ബി 5 ബി....................37
21. കാട്ടിലെ ആശുപത്രി (കഥ) സോന 5 എ...............................38
22. ജലപ്രളയം (കുറിപ്പ്) പ്രതിഭ 6..........................................40
23. ഐക്യം (കഥ) അനാമിക എസ്.6 ബി................................41
24. ഉണ്ണി കുട്ടന് പറ്റിയ പററ് (കഥ) റോഷ്ന റോബർട്ട് 5 ബി.......42
25. Great Thoughts Josens Justin 9B................................43
26. പേടിത്തൊണ്ടൻ മുയലച്ചൻ (മിനി കഥ) ജോബിൻ ..............44
27. Two little Sweets Yellow mangoes (Story) Ashly GD 9B..45
28. ആരാണ് ശക്തൻ (കഥ) മനോജ് 5 എ...............................46
29. The crane and Crab (story) Aksa Jasmine 6C............47
30. Our School in Proverb Fancy letha............................49
31. പൂവിതളുകൾ (കവിത) അനിഷ 7 സി....................................50
32. World's Love (poem) Asharaj RS 9B.......................51
33. കുട്ടികൾ വരച്ച ചിത്രങ്ങൾ ......................................................52

ചെറുകഥ

# മുത്തശ്ശനും പേരക്കുട്ടിയും

അനുജ എൻ എ 8 എ

നന്ദു തൻെ എട്ടാം പിറന്നാൾ ആഘോഷിക്കാനുള്ള ഒരുക്കത്തിലാണ്. അവൻെറ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. അച്ഛനും അമ്മയുമൊത്ത് അവൻെറ പിറന്നാൾ ആഘോഷിക്കണം എന്നത്. പക്ഷേ, ആ ആഗ്രഹം അവന് സാധിക്കാൻ കഴിഞ്ഞില്ല. താൻ രാവിലെ കൂട്ടുകാർക്ക് മിഠായിയുമായാണ് സ്കൂളിലേക്ക് പോയത്. തിരിച്ച് വരുമ്പോൾ കേക്കുമുറിക്കാമെന്ന് അമ്മ പറഞ്ഞകാര്യം അവൻ ഓർത്തോർത്ത് വീട്ടിലേക്ക് പോകാൻ സമയമായോ എന്നവൻ വാച്ചുനോക്കിയിരുന്നു. ആ സമയം എത്തി. ചുറ്റും ആളുകളെ അവൻ കണ്ടു. അവൻ വിചാരിച്ചു അവൻെറ പിറന്നാളിന് അച്ഛനും അമ്മയും ക്ഷണിച്ച വ്യക്തികളാണെന്ന്. അവൻ വീടിനുള്ളിൽ കയറിയപ്പോൾ ഞെട്ടിപ്പോയി.

വെള്ളത്തുണികൾകൊണ്ട് മൂടി അവൻെറ അച്ഛനും അമ്മയും കിടക്കുന്നു. അവൻ ആറ്റുനോറ്റിരുന്ന സമയം ഏറ്റവും സങ്കടകരമായിരിക്കുമെന്നവൻ വിചാരിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. അഞ്ചാറുദിവസം ബന്ധുക്കൾ അവനെ സ്കൂളിൽ കൊണ്ടുവിട്ടു തിരിച്ചുവിളിച്ചുകൊണ്ടുവന്നു

പിന്നെഅവരവനെ തിരിഞ്ഞുനോക്കിയിട്ടുപോലുമില്ല. അവനെ സ്കൂളിലേക്ക് അവർ കൊണ്ടുവിട്ടു.പക്ഷേ അവനെ തിരികെ വിളിക്കാൻആരും വന്നില്ല. അവൻ സ്കൂളിൻെറ മുൻവശത്ത് അവരെയും കാത്തിരുന്നു. പക്ഷേ ആരും വന്നില്ല. അവൻ അവിടെത്തന്നെ ഇരുന്നു. നേരം ഇരുട്ടി ,പേടിയും സങ്കടവും,വിശപ്പും സഹിപ്പാൻ പറ്റുമായിരുന്നില്ല. അവന് വഴികളൊന്നും അറിയില്ലെങ്കിലും അവൻ അവിടെ നിന്നെഴുന്നേറ്റ് നടന്നു. നടക്കുന്നതിനിടയിൽ അവനൊരു മുത്തശ്ശനെ കണ്ടു. അവൻ

മുത്തശ്ശനെ കണ്ടെങ്കിലും കണ്ടതായി ഭാവിക്കാതെ നടന്നുപോയി പക്ഷേ, അപ്പൂപ്പൻ അവനെ വെറുതെവിട്ടില്ല. അവനോടു ചോദിച്ചു മോൻെറ പേരെന്താ മോനെന്താ ഇവിടെ. അവൻ പറഞ്ഞു എൻെറ പേര് നന്ദു,എനിക്കാരുമില്ല.

മുത്തശ്ശൻ ചോദിച്ചു നീ വീട്ടിൽനിന്നും വഴക്കിട്ടുപോന്നതാണോ. നന്ദു പറഞ്ഞു ഇല്ല. അവൻ നടന്ന കാര്യങ്ങൾ മുഴുവൻ മുത്തശ്ശനോടു പറഞ്ഞു "മോനേ ആർക്കും വേണ്ടാത്ത ജീവിതമാണ് നമ്മൾ ഓരോരുത്തരുടെയുംഞാൻ വളർത്തി വലുതാക്കിയ എൻെറ മകൾ എന്നെ തിരിഞ്ഞുനോക്കുന്നില്ല. മുത്തശ്ശൻെറ കണ്ണുകൾ നിറഞ്ഞു. അവനെ കെട്ടിപ്പിടിച്ചുകൊണ്ട് മുത്തശ്ശൻ അവനോട് ചോദിച്ചു നീ വരുന്നോ എൻെറ കൂടെ............ എൻെറ കൂടെ ഒരു മുത്തശ്ശിയും ഉണ്ട് അവൻ തലകുലുക്കി മുത്തശ്ശൻെറ കൂടെപ്പോയി

നമ്മൾ ഒറ്റക്കായിപോകുമ്പോൾ നമ്മെ സ്നേഹിക്കാനും സഹായിക്കാനും ആരെങ്കിലുമൊക്കെ കാണും. ഇന്ന് ആ മുത്തശ്ശനും മുത്തശ്ശിയും താങ്ങും തണലുമായി അവരുടെ പേരക്കുട്ടിയായിനന്ദു ജീവിക്കുകയാണ്.



കവിത

# പൂക്കൾ

വീടിനു ഭംഗിചാർത്തി നിൽക്കും പല
പല പുഷ്പങ്ങൾ സന്തോഷത്താൽ
പല വർണ്ണങ്ങളായി,കണ്ണിനു കുളിർമ്മ നൽകി
കുളിർ കാറ്റിൽ ആനന്ദമാടി നിൽക്കും
അതിനോരോന്നിനുമുണ്ട് സന്തോഷം
നൽകാനുള്ള കഴിവ് !!!!!

അലീന എസ് എസ്
ക്ളാസ്സ് - 9 സി

കവിത

# പൂമ്പാറ്റ

പൂവുകൾ തോറും പാറിനടക്കും
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റ
പൂവിൽ നിന്നും തേൻ നുകരാനായ്
കൂട്ടമായി വന്നീടും
പൂവിനു സന്തോഷമേകി
ആനന്ദത്താൽ പാറിനടക്കും.



അലീന എസ് എസ് 9 c



# കുഞ്ഞു കുരുവിയുടെ ദാഹം

ഒരിടത്ത് ഒരിടത്ത് ഒരു കുഞ്ഞുകുരുവി ഉണ്ടായിരുന്നു. ആ കുഞ്ഞുകുരുവിയുടെ അച്ഛനും അമ്മയും അവളുടെ ചെറുപ്പത്തിൽ അവളെ ഉപേക്ഷിച്ചിട്ട് പോയി. അന്നേ കുഞ്ഞുകുരുവി തീരുമാനിച്ചു അവരെ ഓർത്ത് ഇനി ഞാൻ ഒരിക്കലും സങ്കടപ്പെടില്ല എന്ന്. പിന്നെ അങ്ങോട്ടുള്ള കുഞ്ഞുകുരുവിയുടെ ജീവിതം രസകരമായിരുന്നു. ഒരു ദിവസം കുഞ്ഞുകുരുവി സഞ്ചാരത്തിനിയിറങ്ങി കുറച്ചു ദൂരം എത്തിയപ്പോൾ കുരുവിയ്ക്ക് വല്ലാത്ത ദാഹം!! വീണ്ടും കുറച്ചു ദൂരം എത്തിയപ്പോൾ കുരുവിയ്ക്ക് നടക്കാനും പറക്കാനും വയ്യാതായി .കുരുവി കുറച്ചു നേരം വഴിയരികത്ത് കിടന്നു .എന്നിട്ട് ചുറ്റുപാടും നോക്കി അപ്പോൾ അവിടെ ഒരു കിണർ.......അവൾ മെല്ലെ മെല്ലെ നടന്ന് ആ കിണറിൻറ അരികിലേയ്ക്ക് പോയി നോക്കിയപ്പോൾ ആ കിണറിൽ വെള്ളം ഇല്ല ..പെട്ടെന്ന് കുരുവി മയക്കം വരുന്നതുപോലെ തോന്നി.ക്ഷീണിച്ച് മുന്നോട്ട് നടന്നപ്പോൾ അതാ ഒരു പൈപ്പ് ...അവൾ അതിലും വെള്ളം കണ്ടില്ല ......പെട്ടെന്ന് കുരുവി മയങ്ങിവീണു ആ കാഴ്ച മക്കളില്ലാത്ത തള്ളപക്ഷിയും അച്ഛൻ പക്ഷിയും കണ്ടു. അവർ കുറച്ച് വെള്ളം എടുത്ത് ആ കുരുവിയ്ക്ക് കൊടുത്തു. എന്നിട്ട് അവർ മൂന്നുപേരും സുഖമായി ജീവിച്ചു .

കവിത

# എൻെറ ജീവൻ

സ്വപ്ന സുനിൽ
ക്ളാസ്സ്

എൻെറ മനസ്സ് വെള്ളപ്പൊക്കത്തിൽ
ഹൃദയത്തിൽ താളം ഞാൻ കേൾക്കുന്നു
പെരിയാറും മുല്ലപെരിയാറും
കര കവിഞ്ഞ് ഒഴുകുന്നു
ഈ ഭൂമി ഇതാ രണ്ടായി പിളരുന്നു
പ്രളയം വന്ന് വലിയ വലിയ
സ്വപ്നങ്ങൾ തകരുന്നു
മലയാളനാട് ഒരു അമ്മയായി
തുണയായി കാത്തു ജീവൻ !!



കഥ

# കുരങ്ങനും മുതിരയും

സൂരജ് .എസ്.എസ് 8B

ഒരിക്കൽ ഒരു രാജാവും അദ്ദേഹത്തിൻെറ സൈന്യവും യുദ്ധത്തിനൊരുങ്ങി. അവൻ നഗരത്തിനുവെളിയിൽ താവളമടിച്ചു. ബോധിത്യൻെറ നേതൃത്വത്തിലാണ് പടയൊരുക്കം ആരംഭിച്ചത്.അടുത്തുള്ള മരത്തിൽ ഇരുന്ന് ഒരു കുരങ്ങൻ ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.ആളും ബഹളവും കണ്ട് കുരങ്ങൻ ആദ്യം അമ്പരന്നു. പക്ഷേ,പെട്ടെന്നു തന്നെ അതിൽ നിന്നവർ മുക്തരായി. അല്പ്പം കഴിഞ്ഞപ്പോൾ അവൻ മരത്തിൽ നിന്നിറങ്ങി. എന്നിട്ട് അവിടെയെല്ലാം ചുറ്റികറങ്ങി. അവനു നല്ല വിശപ്പുണ്ടായിരുന്നു. അങ്ങനെനടക്കുബോൾ, കുതിരകൾക്കു കൊടുക്കാൻ വെച്ചിരുന്ന മുതിര അവൻെറ കണ്ണിൽ പെട്ടു. കുതിരകൾ കഴിച്ചുകൊണ്ടിരുന്നതിൽ നിന്ന് ഒരു മുതിര താഴേക്കു വീണു. താഴെ വീണ ആ മുതിരക്കു വേണ്ടി കുരങ്ങൻ താഴെയിറങ്ങി, എങ്ങുംകണ്ടില്ല, എല്ലായിടത്തും തിരച്ചിൽ നടത്തി. ഇത് ദൂരെനിന്നു കണ്ടു കൊണ്ടിരുന്ന രാജാവു ചിരിച്ചു.

ഉടനെ രാജാവ് ഭടൻമാരെ അയച്ചു, കുരങ്ങനെ വിളിച്ചു കൊണ്ടുവരാൻ, പാവം കുരങ്ങച്ചൻ, തന്നെ ഉപദ്രവിക്കുമെന്നു വിചാരിച്ചു, അവിടെ നിന്നു രക്ഷപെടാൻ തീരുമാനിച്ചു അവിടെനിന്നും ഓടി, പക്ഷെ ഭടൻമാർ കുരങ്ങച്ചനെ പിടിച്ചു.രാജാവിൻെറ അടുത്തുകൊണ്ടു വന്നു. കുരങ്ങച്ചനുപേടിയായി. രാജാവ് താഴ്ന്നസ്വരത്തിൽ പറഞ്ഞു,തനിക്കുവേണ്ട മുതിരകൾ എത്രവേണമെങ്കിലും എടുത്തു കൊള്ളാൻ. കുരങ്ങച്ചനു സന്തോഷമായി. അവൻ ആവശ്യാനുസരണം മുതിരകൾ കഴിച്ചു.

കവിത

# കടലാസിൻെറ ദു:ഖം

ജ്യോത്സ്ന ജസ്റ്റിൻ 9B

എനിക്കും പറയുവാനുണ്ട് നിങ്ങൾ എന്നോട്
ചെയ്യുന്ന അപരാധത്തെ കുറിച്ച്
പൊട്ടിയ കുപ്പികൾ പോലെ കീറുന്നു
നിങ്ങൾ എന്നുടെ മേനി
നിങ്ങളുടെ പ്രീയവസ്തുവാ
യിരുന്നുയെങ്കിൽ നോവിക്കുമായിരുന്നുവോ
വെറുമൊരു മുളയായിരുന്നയെന്നെ
പരിഷ്കൃതപുത്രൻമാർ തന്നെ
യെന്നെ മണ്ണിൽപൊടി പോലെയാക്കുന്നു
എൻെറ പൂർവീകരെപോലെ
യാണെൻെറ അവസ്ഥയിപ്പോൾ
എനിക്കുവേണ്ടി സ്വജീവനെ
കൊടുക്കുന്നു തരുക്കൾ
അവർക്കു വേണ്ടിയെന്നെ
വേദനിപ്പിക്കാതെയിരുന്നുകൂടെ
നിങ്ങളുടെ മക്കളായിരുന്നുവെങ്കിൽ
നോവിക്കുമായിരുന്നുവോയെന്നെ
മഴവില്ല് പോലെ ശോഭിക്കുന്നുയെൻെറ
മേനി സ്നേഹിക്കുമോ നിങ്ങൾ
ഇനിയെങ്കിലും വേദനിപ്പി
ക്കാതിരുന്നുക്കൂടെയെന്നെ നിങ്ങൾക്ക്!!

കഥ

# പ്രതിഫലം

അനാമിക .എസ്.സുമോദ് 6B

ഒരിക്കൽ ഒരു രാജാവ് ഒരു മനുഷ്യനെ സിംഹകൂട്ടിലേക്ക് ഇട്ട് കൊടുത്തു. വിശന്നു വലഞ്ഞിരുന്ന സിംഹം അയാളെ തിന്നുന്നതിനു പകരം അയാളുടെ കാലുകളിൽ നക്കി സ്നേഹംപ്രകടിപ്പിച്ചു. കാരണം എന്താണെന്നറിയാമോ?

ഒരിക്കൽ ഈ സിംഹത്തിൻെറ കാലിൽ മുള്ളുതറച്ചപ്പോൾ ഈ മനുഷ്യനാണ് ആ മുള്ള് എടുത്തുമാറ്റിയത്. അതുകൊണ്ട് സിംഹം അയാളെ കടിച്ചുതിന്നില്ല. അങ്ങനെ സിംഹം അയാളെ രക്ഷിച്ചു.

അതിലൂടെ സിംഹം അയാൾക്ക് പ്രത്യുപകാരം ചെയ്തു .



ശാസ്ത്രക്കുറിപ്പ്

# ഭൂമിയിൽ ജലം കൂടുന്നുമില്ല കുറയുന്നുമില്ല

ആകർഷ എസ്.ബി. 9 സി



ഭൂമി ഉണ്ടായ കാലം മുതൽ ഇവിടെ ഉണ്ടായിരുന്ന ജലം മുഴുവൻ ഇവിടെത്തന്നെയുണ്ട്. കൂടുതലും കുറവുമൊന്നും സംഭവിച്ചിട്ടില്ല. ഭൂമിയിലെ ജലം സൂര്യതാപത്താൽ നീരാവിയായി അന്തരീക്ഷത്തിലെത്തും. ഇവ മേഘമായി വായുവിലൂടെ സഞ്ചരിക്കും. ഇവ തണുക്കുമ്പോൾ വീണ്ടും ജലമാകും. ഈ ജലം മഴയായി ഭൂമിയിലെത്തും. ഭൂമിയിലെത്തുന്ന ജലം ഏറെക്കുറെ മണ്ണിനടിയിലേക്ക് താഴ്ന്നിറങ്ങുന്നു. ഭൂമിക്കടിയിലേക്ക് ഇറങ്ങാൻ കഴിയാത്ത ജലം ഉപരിതലത്തിലൂടെ ഒഴുകി അരുവിയായി നദിയായി കടലിലെത്തുന്നു. ഇത് വീണ്ടും നീരാവിയായി അന്തരീക്ഷത്തിലെത്തും.

ഭൂമിയിലെ ജലത്തിന് കൂടുതലും കുറവും അനുഭവപ്പെടുന്നില്ലെങ്കിൽ പിന്നെ കുടിവെള്ളക്ഷാമവും വരൾച്ചയും എങ്ങനെയാണ് ഉണ്ടാകുന്നത് എന്ന സംശയമുണ്ടാകാം. മനുഷ്യർ അനിയന്ത്രിതമായി പെരുകിയപ്പോൾ ശുദ്ധജലത്തിന്റെ ആവശ്യവും കൂടി. അതോടൊപ്പം ജലത്തിന്റെ ദുരുപയോഗവും കൂടി. എന്നാൽ അതിനനുസരിച്ച് ശുദ്ധജല ലഭ്യത കൂടുന്നില്ല. ഇതുതന്നെയാണ് ജലക്ഷാമത്തിനുള്ള കാരണം.

കവിത



# ഇതു ഞാനാണേ

ആരാണൊരു ചെറുകുടയീ മണ്ണിൽ
കുനിക്കൂടിയിരിക്കുന്നു.
ആരാണൊറ്റക്കാലിൽത്തന്നെ
പമ്മിപ്പമ്മിയിരിക്കുന്നു
ഞാനാണിന്നലെയിരവിൽ പൊന്തിയ
കുഞ്ഞിക്കുനൻ കൂണാണേ
മിണ്ടാ തുരിയാടാതേയെന്നെ
പൊരിച്ചു വേഗം തിന്നോളൂ

കവിത

# കുട്ടായിമോൻ

കുട്ടായിമോനേ പോരുന്നോ
മുട്ടായി വാങ്ങിത്തന്നേക്കാം
തട്ടയിലപ്പൻ പൊന്നപ്പൻ
തോളിൽത്തട്ടിച്ചൊന്നപ്പോൾ
കുട്ടായി കുട്ടയ്ക്കു പറഞ്ഞു
മുട്ടായി വേണ്ടാ പൊന്നപ്പ
കുട്ടികൾ ഞങ്ങൾ വരില്ലപ്പാ
ഇഷ്ടങ്ങൾ കേട്ടുനടന്നാലേ
കഷ്ടങ്ങൾ ഞങ്ങൾക്കു വന്നേക്കും

അലീന എസ് എസ് 9 c





കഥ

# കിന്നരി പൂമ്പാറ്റ

Akarsha.S.B 9 സി



പൂമലക്കുന്നിലാണ് കിന്നരിപ്പൂമ്പാറ്റയും കൂട്ടുകാരും താമസിച്ചിരുന്നത്.ധാരാളം പൂക്കളുള്ള ഒരു കുന്നിൻചെരിവായിരുന്നു അവിടം.എന്നാൽ അവിടെയുണ്ടായിരുന്ന പൂക്കൾക്കെല്ലാം വെള്ളനിറമായിരുന്നു. പല രൂപത്തിലും വലുപ്പത്തിലും സുഗന്ധത്തിലുമുള്ള പൂക്കൾ അവിടെയുണ്ടായിരുന്നു. പൂമണം വീശുന്ന കാറ്റിലൂടെ കിന്നരിയും കൂട്ടുകാരും പാറിനടന്നു. അങ്ങനെ സന്തോഷത്തോടെ കഴിയവെ ഒരു ദിവസം കുന്നിൻ മുകളിലൂടെ പാറിക്കളിച്ച് തേൻകുടിച്ച് കൂട്ടുകാർക്കൊപ്പം ഉയരത്തിൽ പറക്കുമ്പോഴാണ് കിന്നരി വളരെ അകലെയായി മറ്റൊരു കുന്ന് കാണുന്നത്. കുന്നിൻ ചെരിവിലൂടെ ചെറിയൊരരുവി

ഒഴുകുന്നു.അരുവിയുടെ ഇരുവശങ്ങളിലും പൂത്തുനിൽക്കുന്ന മരങ്ങൾ. മരങ്ങളിലെല്ലാം പല പല നിറങ്ങളിലുമുള്ള പൂവുകൾ. കിന്നരിക്ക് അങ്ങോട്ടേക്ക് പോകാൻകൊതിയായി. അവൾ സന്തോഷത്തോടെ തൻെറ കൂട്ടുകാരോട് പറഞ്ഞു. നമുക്കെല്ലാവർക്കും അതാ അങ്ങകലെ കാണുന്ന കുന്നിലേക്ക് പോകാം. അവിടെ എന്തൊരു ഭംഗി! നമ്മുടെ
കുന്നിലെ പൂക്കൾക്കൊന്നും നിറമില്ലല്ലോ ആ കുന്നിലേക്ക് നോക്കിക്കേ എത്ര എത്ര നിറങ്ങളിലുള്ള പൂക്കൾ! എന്തൊരു ഭംഗി! അപ്പോൾ കൂട്ടുകാർ പറഞ്ഞു .....അയ്യോ ഞങ്ങളില്ല.....അങ്ങോട്ടേക്ക് പോകല്ലേ. ആ കുന്നിൻെറ നടുവിലാണ് ചിലന്തികളുടെ രാജാവിൻെറ താമസം. അതിനുചുറ്റും അവരുടെ പ്രജകളായ ചിലന്തികൾ വലയം കെട്ടി കാവൽ നിൽപ്പുണ്ട്. അവരുടെ വലയിൽ ചെന്നുപെട്ടാൽ നമ്മെ അവർ കൊന്നുതിന്നും.അതിനാൽത്തന്നെ ശലഭങ്ങളാരും അങ്ങോട്ടേക്ക് പോകാറുമില്ല. ഞങ്ങളുടെ മുത്തശ്ശിമാർ പറഞ്ഞു തന്നതാ. ഏതായാലും അങ്ങോട്ടേക്ക് ഞങ്ങളില്ല. കൂട്ടുകാർ പറഞ്ഞു. എന്നാൽ കിന്നരി അതൊന്നും കേൾക്കാൻ തയ്യാറായില്ല. അങ്ങോട്ടേക്ക് പോകാൻ തന്നെതീരുമാനിച്ചു.

ഉയരത്തിൽ പറന്ന് വേഗത്തിൽ അവിടെയെത്തി. ചുറ്റും നോക്കിയപ്പോൾ കൂട്ടുകാർ പറഞ്ഞതുപോലെതന്നെ ചിലന്തികൾ വല നെയ്തിരിക്കുന്നത് അവൾ കണ്ടു. എന്നാൽ
ചിലന്തികളെയൊന്നും അവിടെയെങ്ങും കണ്ടില്ല. അവൾക്ക് സന്തോഷമായി. പലവർണങ്ങളുള്ള പൂക്കൾ. ചുറ്റും ഒന്നു ചുറ്റിപ്പറന്നശേഷം അവൾ വലയത്തിനുള്ളിൽ നിന്നും പുറത്തേക്കു തല നീട്ടിനിൽക്കുന്ന പൂക്കളിലൊന്നിൽ ചെന്നിരുന്നു.
എന്തൊരുഭംഗിയാണിവിടെ എന്തുനല്ല കാറ്റ്. പെട്ടെന്നാണ് താനിരിക്കുന്ന പൂവിനടിയിൽ നിന്നും ഒരു ചിലന്തിയുടെ കാലുകൾ ഉയർന്നുവന്നത് അവൾ കണ്ടത്.അവൾ പേടിച്ചുവിറച്ച് പൂവിൽനിന്നും

കുതറിമാറി. അപ്പോൾ അതാ വലകളുടെയെല്ലാം മുകളിലേക്ക് പൂന്തോട്ടത്തിൻെറ കാവൽക്കാരായ ചിലന്തികൾ ഉയർന്നുവരുന്നു. രാക്ഷസൻമാരെപ്പോലെ വരുന്ന അവയെക്കണ്ട് പേടിച്ച് വിറച്ച കിന്നരി മിന്നൽ വേഗത്തിൽ തൻെറ കുന്നിലേക്ക് പാറിയെത്തി. അപ്പോൾ തൻെറ കൂട്ടുകാർ അവിടെ സന്തോഷത്തോടെ തേൻനുകർന്ന് പാറിക്കളിക്കുന്നത് അവൾ കണ്ടു. കിന്നരിയെ കണ്ട കൂട്ടുകാർ അവിടെയുള്ള കാര്യങ്ങളെ കുറിച്ച് അന്വേഷിച്ചു. താൻ പൂക്കളിലിരിക്കുമ്പോൾ ചിലന്തികളെ കണ്ട് പേടിച്ച് ഓടിവന്നതാണെന്ന് അവൾ പറഞ്ഞു. അങ്ങനെ കിന്നരി ഒരു പാഠം പഠിച്ചു. "അനുസരണക്കേട് ആപത്ത്" തന്നെയാണ്.



കവിത

# വിടപറയാൻ

ദു:ഖവും പേറി ഞാൻ എൻ
വിദ്യാലയമുറ്റം വിട്ടിറങ്ങുന്നു
വർഷങ്ങളോളം ഒരുമനസ്സായി
ഞങ്ങൾ പാറിനടന്നു
പിരിയാനാകുമോ സഖീ....
ജീവിതത്തിൻെറ ഇടനാഴിയിൽ പിരിയാത്ത
മനസ്സുമായി...നൂറായിരം ഇണക്കങ്ങളും
പിണക്കങ്ങളുമായി
നാം കഴിയുമോ
പിരിയുവാൻ നേരമായി
പൂത്തുലഞ്ഞ ഈ സ്നേഹം കൊഴിയാറായ്
വേർപെടുകയാണോ നാം
ഇനി നീ എന്നെ ഓർക്കുമോ....?

മേഘസന്തോഷ് 9c



ചെറുകഥ

# വികൃതിക്കരടിയും തേനീച്ചകളും

സുമി.എസ്.9 സി




ഒരിടത്തൊരു വികൃതിക്കരടി ഉണ്ടായിരുന്നു. ഒരു ദിവസം കാടു മുഴുവൻ തിരഞ്ഞിട്ടും അവന് തിന്നാനൊന്നും കിട്ടിയില്ല. കരടി നടന്നുനടന്ന് ഒരു മരത്തിനു ചുവട്ടിലെത്തി. അപ്പോഴതാ മരത്തിന്റെ മുകളിൽ ഒരു തേൻ കൂട് കണ്ടു.കരടിയുടെ വായിൽ വെള്ളമൂറി. കരടി മരത്തിനുചുറ്റും ഒന്നു നടന്നു നോക്കി തേനീച്ചകളൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തി. കരടിപെട്ടെന്ന് തേൻ കൂട് വലിച്ച് പറിക്കാൻ നോക്കി.. പെട്ടെന്ന് തേനീച്ചകൾ കരടിയുടെ പിന്നിൽ വന്നുനിന്ന് മൂളി. പെട്ടെന്ന് കൂട് വലിച്ചുപറിച്ച തേൻ കുടിക്കാനാഗ്രഹിച്ച കരടിക്ക് തേനീച്ചകൾ നല്ലകുത്തു വച്ചുകൊടുത്തു. കരടി ഓടി തേനീച്ചകൾപിന്നാലെയും കരടി ഓടി ഒരു നദിയിൽ ചെന്നുചാടി മുങ്ങി.. തേനീച്ചകൾ എന്നിട്ട് പറന്നുപോയി. അൽപസമയംകഴിഞ്ഞ് കരടി പതുക്കെ മുങ്ങിയെണീറ്റ് വീട്ടിലേക്കു മടങ്ങി..അതോടെ കരടിക്ക് മറ്റുള്ളവരുടെ മുതൽ ഒരിക്കലും ആഗ്രഹിക്കരുതെന്ന് മനസ്സിലായി.

കവിത

# മണ്ണിൽ ഒരു കുട



ഒരു മരം നാമിന്നു നട്ടിടുമ്പോൾ
മണ്ണിലൊരു കുട ചാർത്തുകയാണു നമ്മൾ
പൂതരും കായ് തരും മരമിന്നു ഭൂമിക്കു
തണലും തണുപ്പും ഏകിടുന്നു.
പ്രാണവായു തരും മണ്ണിനെ കാത്തിടും
ജീവന്നടിത്തറ നൽകിടുന്നു.



ചെറുകഥ

# വിൽക്കാത്ത ലഡു

അലീന എസ് എസ് 9 സി

പട്ടണത്തിൽ ലഡുവിൽപനയാണ് പോപ്പുവിൻെറ ജോലി.. എല്ലാ ദിവസവും അയാൾ ഒരു ലഡുമാത്രം വിൽക്കാതെ മാറ്റിവയ്ക്കും. പോപ്പുവിനെ ഒരാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.. ഒരു ദിവസം അയാൾ പറഞ്ഞു. "നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ആ ലഡു കൂടി വിറ്റ് ലാഭം കൂട്ടുമായിരുന്നു.. പക്ഷേ, പോപ്പു ഒന്നും മിണ്ടിയില്ല. അൽപം കഴിഞ്ഞപ്പോൾ ഒരമ്മയും പെൺ കുട്ടിയും അതുവഴിപോയി. പാവപ്പെട്ടവരാണെന്ന് കണ്ടാലേ അറിയാം.. വിൽക്കാതെ മാറ്റിവച്ച ആ ലഡു പോപ്പു വിലയൊന്നും വാങ്ങാതെ ആ കുട്ടിക്കു കൊടുത്തു.

പോപ്പു പണക്കാരനോട് പറഞ്ഞു.

"പാവപ്പെട്ട ആ കുഞ്ഞ് തരുന്ന ആ ചിരിയാണ് എൻെറ ലാഭം.



_കവിത

# നമ്മുടെ ഭാരതം

_മേഘസന്തോഷ് 9c




ഭാരതമെന്ന നമ്മുടെ ഭൂമി
പട്ടുത്തുയർത്തിയ മഹാന്മാരെ
ഞങ്ങളൊന്നായിപാടുന്നു
വന്ദനം... വന്ദനം... വന്ദനം
ഇതിൽ പങ്കുചേർന്നത്
നമ്മളൊരാളല്ല,ഒരാളല്ല
പല....പല കൈകൾ
പല...പല...കാലം
പരസ്പരം കൈകോർത്തും
സമൃദ്ധിയും സന്താനപുരോഗതിയും
പട്ടുത്തുയർത്തിയൊരിന്ത്യയ്ക്കായ്
ഒന്നായി നമുക്ക് ചേർന്നിടാം
ഒന്നായി നമുക്ക് കൈ കോർക്കാം
ഒന്നായി നമുക്ക് പ്രയത്നിക്കാം
ഒരേയൊരു ഇന്ത്യയ്ക്കായ്
ഒരേയൊരു ഇന്ത്യയ്ക്കായ്

ലേഖനം

# പ്രളയം തന്ന പാഠം

അലീന എസ് എസ് (9 സി)



1924-ലെ മഹാ പ്രളയത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ ജലപ്രളയം. അതാണ് ചില നാളുകൾക്ക് മുമ്പേ നാം കണ്ടത്. 1924 ലെ പ്രളയകാലത്ത് ജീവിച്ചിരുന്ന ചിലരെങ്കിലും ഇന്നുമുണ്ട്. അന്ന് രക്ഷാപ്രവർത്തനം.ഇത്ര ശക്തമായിരുന്നില്ല. ദുരിതം അനുഭവിച്ച ജനങ്ങൾ ഇന്നത്തെപോലെ വിദ്യാസമ്പന്നരും ആയിരുന്നില്ല. പത്രമല്ലാതെ മറ്റൊരു മാധ്യമം അന്നില്ലായിരുന്നു. അതുകൊണ്ട് നഷ്ടങ്ങൾ എത്രത്തോളമുണ്ടെന്ന് കൃത്യമായ കണക്കുകൾ ഒന്നുമില്ല.

2018 ൽ പ്രളയമുണ്ടായപ്പോൾ ദിവസങ്ങൾക്ക് മുൻപേ കണക്കാക്കപ്പെട്ടു. മുന്നൊരുക്കങ്ങൾ നടത്തി. ഏറ്റവും നൂതനമായ മാധ്യമ സാങ്കേതികവിദ്യകൾ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ധാരാളം ജീവജാലങ്ങൾ ചത്തൊടുങ്ങിയെങ്കിലും ആൾ നാശം താരതമ്യേന കുറവാണ് എന്നുതന്നെ പറയാം.

മുന്നിൽക്കണ്ട പ്രളയത്തിൽ നിന്ന് ലോകം ഇത്തിരി വലുപ്പമുള്ള കേരളത്തിൻെറ ജനങ്ങളുടെ ഒത്തിരി വലിയ മനസ്സ് കണ്ടു. ലോകമാധ്യമങ്ങളിലൂടെ വലിയവനെന്നോ ചെറിയവനെന്നോ ഭേദമില്ലാതെനടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് അഭിനന്ദന പ്രവാഹമാണ് ലഭിച്ചത്. മലയാളികൾ എത്തപ്പെട്ട എല്ലാഭാഗത്തുനിന്നും മലയാളമണ്ണിലേക്ക് സഹായങ്ങൾ ഒഴുകുകയായിരുന്നു...ജീവിതകാലംമുഴുവൻ......അധ്വാനിച്ചുണ്ടാക്കിയതെ

ല്ലാം വെള്ളത്തിൽ ഒലിച്ചുപോയപ്പോൾ ഹൃദയത്തിൽ അലിവിൻെറ, കരുതലിൻെറ,സ്നേഹത്തിന്റ,,ഉറവ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. പ്രകൃതിയും മണ്ണും പ്രതികാര താണ്ഡവമാടുമ്പോൾ നാം അറിയയേണ്ട ഒന്നുണ്ട്. പ്രകൃതിയോട് വികൃതി കാട്ടരുത്.

മനുഷ്യരെല്ലാവരും ഒന്നായിവാണ മലയാളമണ്ണ് ലോകത്തിന് തന്നെ മാതൃകയാകുന്ന കാഴ്ചയാണ് നാം കണ്ടത്. ആരു സഹായിച്ചാലും ഇല്ലെങ്കിലും ദൈവത്തിൻെറ സ്വന്തം നാട്ടിൽ മക്കൾ ഈ സ്വർഗഭൂമിയെ എന്നും ലോകത്തിനുമുന്നിൽ പറുദീസയായിത്തന്നെ കാത്തുസൂക്ഷിക്കും എന്നതിൽ തർക്കമില്ല.



**കവിത**

# കുഞ്ഞുസ്നേഹം

അബിഷിത.എസ്.ബി

**ഒരു കുഞ്ഞുകവിതയിൽ**
**ഒത്തിരി നൊമ്പരം ഞാൻ പകർത്തി**
**ഒരു കുഞ്ഞു സ്വപ്നത്തിൽ**
**ഒത്തിരി സ്നേഹം നൽകി**
**കർണത്തിനിമ്പം നൽകുന്ന**
**വാക്കുകൾ വർണ്ണങ്ങളാക്കി**
**അതിൽ ഞാനെൻെറ**
**ദു:ഖത്തെ അലിയിപ്പിച്ചു .......**



ചെറുകഥ

# മിന്നാമിന്നികൾ പൊന്നായി

അലീന എസ് എസ് 9 c

പണ്ടുപണ്ട് ഒരിടത്ത് ഒരു മണ്ടൻ രാമു ഉണ്ടായിരുന്നു. അവന് ഒരു മുത്തശ്ശിയും ഉണ്ടായിരുന്നു. മുത്തശ്ശി മണ്ടൻ രാമുവിനോട് സന്ധ്യക്ക് എന്നും പല പല കഥകൾ പറയും ആ കഥ കേട്ട് അവൻ ഓരോ മണ്ടത്തരങ്ങൾ ഒപ്പിക്കുകയും ചെയ്യും. അങ്ങനെ ഒരു ദിവസം പറഞ്ഞ കഥ ഇങ്ങനെയായിരുന്നു:

"മിന്നാമിന്നിയെ പിടിച്ച് മുണ്ടിൻെറ കോണിൽ കെട്ടിയിട്ട് ഉറങ്ങാൻ കിടന്നാൽ നേരം വെളുക്കുമ്പോൾ മിന്നാമിന്നി പൊന്നായി മാറും." അങ്ങനെ ഒത്തിരി ഒത്തിരി പൊന്നുണ്ടാക്കിയവർ നാട്ടിലൊക്കെ ഉണ്ടെന്ന് മുത്തശ്ശിപറഞ്ഞു.

മണ്ടൻ രാമുവിന് അതൊന്ന് പരീക്ഷിച്ചു നോക്കിയാലെന്തെന്നു തോന്നി.അന്ന് രാത്രി മണ്ടൻ രാമു മുല്ലക്കാട്ടിൽ ഒരു വലയുമായി ഒളിച്ചിരുന്നു. രാത്രിയായപ്പോൾ മിന്നാമിന്നി പട്ടാളം വന്നു. അതിൽ പത്തെണ്ണത്തിനെ മണ്ടൻ രാമു വല വീശിപിടിച്ചു ഉടുത്തിരുന്ന മുണ്ടിൻെറ കോണിൽ കെട്ടിയിട്ടു. എന്നിട്ട് രാത്രി കിടന്നുറങ്ങി.

രാവിലെ മണ്ടൻ രാമുവിനെ മുത്തശ്ശി വിളിച്ചുണർത്തി. ഉണർന്നയുടനെ അവൻ മുണ്ടിൻെറ കോന്തലകെട്ട് അഴിച്ചുനോക്കി. മിന്നാമിനുങ്ങുമില്ല, പൊന്നിൻ കട്ടിയുമില്ല. അവനാകെ നിരാശനായി. ഇതുകണ്ട് മുത്തശ്ശി പറഞ്ഞു."മിന്നാമിനുങ്ങുകൾ പൊന്നാവും എന്നത് മുത്തശ്ശി പറഞ്ഞ കഥയല്ലേ കുട്ടാ? അവയെ പിടിച്ച് മുണ്ടിൽ കെട്ടിയാൽ ശ്വാസം കിട്ടാതെ മിന്നാമിനുങ്ങുകളെല്ലാം ചത്തുപോവില്ലേ? അതുകൊണ്ട് മുത്തശ്ശിയാ അവയെയെല്ലാം രക്ഷപ്പെടുത്തിയത്."

ഇതുകേട്ട് തൻെറ മണ്ടത്തരമോർത്ത് രാമുവിനു ചിരിവന്നു. പിന്നീട് അവൻ മുത്തശ്ശി പറഞ്ഞുതരുന്ന കഥകൾ കേട്ട് എന്തെങ്കിലും ചെയ്യും മുൻപേ നല്ലവണ്ണം ആലോചിക്കാൻ തുടങ്ങി.



കവിത

# ചിറക്

സ്വപ്നങ്ങൾക്ക് ചിറകുകിളിർത്തപ്പോൾ
പറന്നുയർന്ന് മോഹ തേരിലേറിയപ്പോൾ
മരക്കൊമ്പിലെ കുഞ്ഞാറ്റ നോക്കിയപ്പോൾ
സ്വർണ്ണ നിറമുള്ള കനികൾ തിന്നപ്പോൾ
ആനന്ദത്തിലാറാടി ചിറകടിച്ചുയർന്നപ്പോൾ
നറുമണം എങ്ങോങ്ങോ !!!!!!!!

ചെറുകഥ

# പേഴ്സ്വേണം

അലിന എസ് എസ് 9 C

പുഴയിൽ വീണ രാമുഅപ്പപ്പനെ നാട്ടുകാർ രക്ഷിച്ചു. ഉടനെ രാമുഅപ്പപ്പൻ പറഞ്ഞു എൻെറ പേഴ് സുകൂടി തപ്പിയെടുത്തു തരണം, അല്ലെങ്കിൽ ഇനിമുതൽ ഞാനൊന്നും കഴിക്കില്ല. ഇതെന്തൊരു വാശിയാ? ചിലപ്പോൾ അപ്പപ്പൻെറ സമ്പാദ്യം മുഴുവൻ അതിനകത്താകും അല്ലേ? നാട്ടുകാരുടെ വർത്തമാനം കേട്ട് അപ്പപ്പൻ പറഞ്ഞു.അതൊന്നുമല്ല,
അതിനകത്താ എൻെറ വെപ്പുപല്ല്.

കവിത

# മഴത്തുള്ളികൾ

അനിഷ എം ബി

മുത്തുപോൽ വീഴുന്നേ
കുഞ്ഞു മഴത്തുള്ളികൾ
മഴത്തുള്ളികളാൽ ആനന്ദിക്കുന്നേ
കൊച്ചു പൈങ്കിളികൾ



കാറ്റിനൊപ്പം സഞ്ചരിക്കും
നീളവേ ശോഭിപ്പാൻ
ചറപറ ചാടുന്നേ
കളകള ഒഴുകുന്ന പുഴയിൽ

മഴത്തുള്ളികൾ വീഴുമ്പോൾ
ചില്ലകൾ ഇലകളാൽ ശോഭിക്കുമേ
മാനവരാശിക്ക് സന്തോഷമാകുന്നേ
വരൾച്ചകൾ മാറുമ്പോൾ



കുഞ്ഞോമനകൾ മഴയെ
കാത്തിരിക്കുന്ന കാലം കഴിഞ്ഞുപോയ്
സന്തോഷത്താൽ കുട്ടികൾ
ചേറിൽ നൃത്തമാടുന്നേ

പ്രപഞ്ചത്തിലെ സർവചരങ്ങൾക്ക്
പേമാരിയിൽ  നനഞ്ഞതിൽ
സന്തോഷത്തിൽ പൂവ്പോലെ
വിടർന്ന ആനന്ദത്തിൽ തിളങ്ങുന്നു

കഥ

# കാട്ടിലെ ആശുപത്രി

സോന 5A

മൃഗങ്ങളുടെ ആശുപത്രി തുറന്നത് ഈയിടെയാണ്. എങ്കിലും അവിടെ എപ്പോഴും വലിയ തിരക്കായിരുന്നു. ചെല്ലൻ കുരങ്ങനായിരുന്നു അവിടത്തെ പ്രധാന ഡോക്ടർ. ആശുപത്രി സ്ഥാപിച്ചതും അദ്ദേഹം തന്നെ. അസിസ്റ്റൻറുമാരായി സർജറി സ്പെഷ്യലിസ്റ്റ്ഡോക്ടർ ശുംഭൻ കരടി, ഐ സ്പെഷ്യലിസ്റ്റ് ഡോക്ടർ ചീരൻ കുറുക്കൻ, ബോൺ സ്പെഷ്യലിസ്റ്റ് ഡോക്ടർ സാമ്പൻ കടുവ, ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റ് ആനമ്മ എന്നിവരും ഉണ്ടായിരുന്നു.ഡോക്ടർ ചെല്ലൻ കുരങ്ങൻ വിദേശവനങ്ങളിൽ നിന്ന് എം.ഡി. പാസ്സായതാണ്.കൈക്കൂലിയുംശുപാർശയും അദേഹത്തിനു വലിയ മമതയായിരുന്നു മുപ്പതുരോഗികളെ കിടത്തി ചികിത്സിക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും ആശുപത്രിയിൽ ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം ക്യാൻസർ ബാധിച്ച ഒരു കഴുതമുത്തപ്പൻ ആശുപത്രി വാർഡിൽകിടന്ന് മരണമടയുകയുണ്ടായി. എങ്കിലും അവിടെയെത്തുന്ന രോഗികളിൽ തൊണ്ണൂറുശതമാനവും രോഗം മാറിപോവുകയാണുപതിവ്.

ഏതാനും ദിവസം മുൻപ് മിസ്സിസ്സ് നരിയമ്മാൾ അവിടെ പ്രസവത്തിനായി വന്നു. പ്രസവം നടക്കും മുൻപു തന്നെ ഡോക്ടർ ആനമ്മ അവരോടു കൈക്കൂലിവാങ്ങിച്ചു. ഇതറിഞ്ഞ ഡോക്ടർ ചെല്ലൻ കുരങ്ങൻ അന്നുതന്നെ ഡോക്ടറെ പിരിച്ചുവിട്ടു, ഇതു സാധുക്കളായ മൃഗങ്ങളെ ശുശ്രൂഷിക്കാനുള്ള സ്ഥാപനമാണ്. കൈക്കൂലിക്കാരെ ഇവിടെ നിർത്താൻ എനിക്കാഗ്രഹമില്ല.

ഇതിനിടയിലാണ് ടൂത്ത് സ്പെഷ്യലിസ്റ്റ ഡോക്ടർ പാച്ചൻ കരടി അവിടെ പ്രാക്ടീസിനു വന്നത്. പല്ല

**വേദനക്കാരായ മൃഗങ്ങൾക്കു വളരെ സന്തോഷമായി. ആ ദിവസം തന്നെ പല്ലുവേദനക്കാരുടെ ഒരു നീണ്ട ക്യൂ കാണാമായിരുന്നു. ചെമ്പൻ കാട്ടുപോത്ത്, ചുട്ടൻ കഴുത,മിസ്സിസ്സ് പശുപതിയമ്മ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു.**

**ചെമ്പൻ കാട്ടുപോത്തി ൻെറ പല്ലുപറിക്കൽ വലിയകുഴപ്പത്തിലാണ് അവസാനിച്ചത്. വലിയൊരു ചവണ വായിലേക്കുകടത്തി ഡോക്ടർ പാച്ചൻ കരടിയും രണ്ടു നേഴ്സുമാരും അസിസ്റ്റൻെറും കുഞ്ചുകുരങ്ങനും ചേർന്ന് വലിച്ചു. പക്ഷേ പല്ലുപറിയണ്ടേ? ഒടുവിൽ അസിസ്റ്റൻറു പോയി തടിവലിച്ചു കൊണ്ടു നടക്കുന്ന കുഞ്ഞപ്പനാനയെ വിളിച്ചുകൊണ്ടുവന്നു.**

**എല്ലാവരും ചേർന്ന് ഏലമിട്ടു വലിക്കാൻ തുടങ്ങി.**

**ഏലയ്യാ പിടി ഏലയ്യാ**
**കാട്ടുകുലുങ്ങട്ടെ ഏലയ്യാ**
**പല്ലുപറിയട്ടെ ഏലയ്യാ**

**പല്ലു മാത്രമല്ല വയറിനകത്തുള്ള മുഴുവൻ അവയവങ്ങളും പുറത്തേക്ക്** ... **കാട്ടുപോത്തിന്റെ ജീവനും പോയി** ....

**മൃഗങ്ങൾ സങ്കടത്തോടെ മടങ്ങി. അന്നു വൈകുന്നേരം തന്നെ ആശുപത്രി എന്നെന്നേക്കുമായി പൂട്ടി.**



കുറിപ്പ്

# ജലപ്രളയം

പ്രതിഭ ക്ലാസ്സ് - 6

ജലംകൊണ്ട് നാടാകെ മുങ്ങുന്ന അവസ്ഥയാണ് ജലപ്രളയം എന്നുപറയുന്നത്. അതിനെല്ലാത്തിനും ഉദാഹരണമാണ് നമ്മുടെ കൊച്ചു കേരളത്തെ നടുക്കിയ ആഗസ്റ്റ് മാസത്തിലെ ദുരന്തം ശക്തമായ പ്രകൃതി ക്ഷോഭത്തിൽ മണ്ണിടിച്ചിലിലൂടെയും വെള്ളപ്പൊക്കത്തിലൂടെയും അനേകം മരണങ്ങൾ നടന്നു. അനേകർക്ക് മാതാപിതാക്കളെ നഷ്ടപ്പെട്ടു. അനേകംപേർ അനാഥരായി. അനേകരുടെവീടുകൾ വെള്ളത്തിൽ ഒഴുകിപ്പോയി. അവസാനം പാവപ്പെട്ടവരും സമ്പന്നരും ഒരേ ക്യാമ്പിൽ കഴിയേണ്ടി വന്ന അവസ്ഥ. ജാതി-വർണ്ണ വ്യത്യാസമില്ലാതെ അവർ കഴിഞ്ഞു. ഉരുൾപൊട്ടലുണ്ടായി അനേകം മൃതദേഹങ്ങൾ മണ്ണിനടിയിൽ നിന്നും എടുക്കുന്ന കാഴ്ച. പലനാശനഷ്ടങ്ങളും ഉണ്ടായി. പാവപ്പെട്ടവരുടേയും സമ്പന്നരുടെയും വീടുകൾ തകർന്നു. നമ്മെപ്പോലെ എത്രയോ ജനങ്ങളാണ് ഈ ദുരന്തമനുഭവിക്കുന്നത്.



ചെറുകഥ


# ഐക്യം

അനാമിക 6B

ഒരിക്കൽ ഒരു കൃഷിക്കാരൻ പക്ഷികളെ പിടിക്കാനായി അയാളുടെ കൃഷിയിടത്തിൽ വലകൾ സ്ഥാപിച്ചിരുന്നു. നിറയെ പക്ഷികൾ വന്ന് വലയിൽ കുടുങ്ങി. അവയ്ക്കൊന്നിനും രക്ഷപ്പെടാൻ കഴിഞ്ഞില്ല. ഒരു കാക്ക മരക്കൊമ്പിൽ ഇരുന്ന് ഇത് കണ്ടു കൊണ്ടിരിക്കുകയായിരുന്നു.

കാക്ക പറന്നുചെന്ന് പക്ഷികളോടുപറഞ്ഞു, നിങ്ങൾ ഒറ്റയ്ക്ക്പറക്കാൻ ശ്രമിക്കാതെ കൂട്ടമായി പറക്കാൻ ശ്രമിക്കണം എന്നു പറഞ്ഞു. പക്ഷികൾ ഉടനെ കഠിനമായി പരിശ്രമിച്ചു, അവർ കൂട്ടമായി പറക്കാൻ തുടങ്ങി. അവർ പറന്നുയരാൻ തുടങ്ങി. അങ്ങനെ ആ കൃഷിക്കാരനിൽ നിന്നും ആ പക്ഷികൾ പറന്നു പോയി.

ഇതിൽ നിന്നും ഐക്യമായി നിന്നാൽ ഏത് ആപത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയും എന്ന് നമുക്ക് മനസ്സിലാക്കാം.




കഥ

# ഉണ്ണിക്കുട്ടന്പറ്റിയപറ്റ്

റോഷ്ന റോബർട്ട് 5 ബി

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. അവൻെറ പേരാണ് ഉണ്ണിക്കുട്ടൻ. മഹാകൊതിയനായിരുന്നു ഉണ്ണിക്കുട്ടൻ. ഒരു ദിവസം ഉണ്ണിക്കുട്ടൻെറ അമ്മാവനും കുടുംബവും വീട്ടിലെത്തി. ഉണ്ണിക്കുട്ടൻ അമ്മാവൻെറ മക്കളോടൊപ്പം കളിച്ചുനടന്നു. അമ്മാവൻ ഉണ്ണിക്കുട്ടന് മിഠായിയും പലഹാരങ്ങളും കൊണ്ടുവന്നു. ഉണ്ണിക്കുട്ടൻ അമ്മാവനും കുടുംബവും പോയതിനുശേഷം അമ്മാവൻ കൊണ്ടുവന്ന പലഹാരങ്ങൾ ഒരുപാടുകഴിച്ചു. അമ്മ ഉണ്ണിക്കുട്ടനോട് പറഞ്ഞു ഒരുപാട് മിഠായി കഴിക്കണ്ട അസുഖംവരും. കുറച്ചുബാക്കിവയ്ക്കാൻ അമ്മ പറഞ്ഞിട്ടും അവൻ കേട്ടില്ല. അവൻ കഴിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഉണ്ണിക്കുട്ടന് വയറുവേദനവന്നു. ഉണ്ണിക്കുട്ടൻ ഉറക്കെക്കരഞ്ഞു. അനുസരണക്കേടിനുള്ള ഫലം അവൻ അനുഭവിച്ചു



# Great Thoughts

**Josina Justin 9B**

Books are not men and yet they are alive.

Stephen Vincent Benet

The aim of education should be to teach the child to think,not what to think

John Dewey

Knowledge itself is power.

Francis Bacon

Language is the dress of thought

Samuel Johnson

That learning is most requisite which unlearns evil

Atisthenes

Pain is the father,and love the mother,of wisdom

Ludwig Borne

Wisdom is to the soul what health is to the body.

Duc Francois de La Rochefoucauld

Much wisdom often goes with fewest words.

Sophocles

All good writing is swimming under water and holding your breath.

Francis Scott Key Fitzegerald

The great books are those that grow with man.

Jean Rostand

മിനികഥ

# പേടിത്തൊണ്ടൻ മുയലച്ചൻ

ജോബിൻ 9B

പണ്ട് പണ്ട് ഒരു മുയലച്ചൻ വെള്ളത്തിനും ക്യാരറ്റിനും വേണ്ടി ഓടി നടന്നു അപ്പോൾ ഇതാ! വഴിയിൽ ഒരു ക്യാരറ്റ കണ്ടു പക്ഷേ വേറൊരു മുയൽ അതു കണ്ടു കൊതിച്ചു നിന്നു പാവം മുയലച്ചൻ എങ്ങനെ ക്യാരറ്റ് എടുക്കുമെന്ന് അറിയാതെ നിന്നു പെട്ടെന്നു മറ്റേ മുയൽ വിചാരിച്ചു ഇവനെ ഒരു പാഠം പഠിപ്പിക്കണം പെട്ടെന്ന് അത് ഒച്ചവെച്ചു പാവം മുയലച്ചൻ പേടിച്ചു പോയി ആ ക്യാരറ്റ മുയലച്ചന് കിട്ടിയതുമില്ല........



**Poem**



# Two Little Sweet Yellow Mangoes

**Ashly G D 9B**

Two little sweet yellow mangoes
Fell from a tree one day,
Both big mangoes rolled and rolled
Till they got far away .
They rolled into a big beautiful garden
Right past five wonderful butterflies ,
One go past a cold mud lake
Another go over two stones .



കഥ

# ആരാണ് ശക്തൻ ??

മനോജ് 5A


ഒരു ദിവസം കാറ്റ് ആഞ്ഞു വീശി .ഭൂമിയിൽ നിന്ന് പിടിവിട്ട് വിഴുമെന്ന് കണ്ട ഒരു മരം പറഞ്ഞു ..ഈ കാറ്റിന് എന്തൊരു ശക്തിയാ ? ഇത് കേട്ട കാറ്റിന് സന്തോഷമായി. കാറ്റ് പറഞ്ഞു അതേ... ഞാൻ ശക്തൻ തന്നെ എന്നെ തോൽപ്പിക്കാൻ ആരുണ്ട് ?സൂര്യൻ ഇതു കേട്ട് ഒന്ന് ചിരിച്ചു .എന്നിട്ട് സൂര്യൻ പറഞ്ഞു നമുക്കൊന്ന് മത്സരിച്ചാലോ കാറ്റും വിട്ടുകൊടുത്തില്ല എന്നാണ് മത്സരം ?സൂര്യൻ പറഞ്ഞു ദാ ...പോകുന്ന ആളുടെ കോട്ട് ഊരീക്കണം അത്രയെ ഉള്ളൂ കാറ്റ് ആഞ്ഞു വീശി ..അയാൾ കോട്ട് ഊരിയില്ല അടുത്ത് കോട്ടിൻെറ ബട്ടണുകൾ ഊരി എന്നിട്ട് സുഖമായി നടന്നു തുടങ്ങി അപ്പോഴേക്കും സൂര്യൻ കത്തി ജ്വലിച്ചു വഴിപ്പോക്കൻ കോട്ട് ഊരി വീശിക്കൊണ്ട് നടന്നു ..സൂര്യൻ തന്റെ ചൂട് കുറച്ചു .ഇതു കണ്ട കാറ്റ് തന്റെ അഹങ്കാരമൊക്കെ മാറ്റി ,മരങ്ങളെ തലോടിക്കൊണ്ട് പതുക്കെ വീശി.



Story

# The Crane And Crab

Aksa Jasmine 6c



There lived a crab and some fishes in a pond. They also had a crane as their friend. He lived in a tree near the pond. They used to meet every day and lived happily. The crane never caught any fish from the pond . He flew to other ponds and fields for food . He was getting old. He couldn't fly long distances. So he thought of a trick.

One day the crane told his friends,"This pond will dry up soon. All of you will die. So I will take you to a bigger pond. It is a very good idea." Every morning he carried one or two fishes and flew away. But the crab had a doubt. The next day he asked the crane to

take him to the pond. The crane flew with the crab. He stopped and placed the crab on a rock. The crab saw bones of fishes around. He caught the neck of the crane with his claws and shouted,"Where are my friends? take me back to the pond."The crab said to his friends."He is a cheat. He has killed and eaten all our friends. We will not kill him as he is very old. We don't want the company of bad people. They chased the crane away the crane flew away in shame.






## Our school in proverb

**Look before you leap**
**Make an offer one can't refuse**
**Slow and steady wins the race**
**Honesty is the best policy**
**Still waters run deep**
**Silence is half consent**
**Clothes don't make the man**
**Half a loaf is better than none**
**Eat like a bird**
**Money doesn't grow on trees**
**Better late than never**
**Once bitten twice shine**
**One man's trash is another man's treasure**
**Rome wasn't built in a day**

കവിത

# പൂവിതളുകൾ

അനിഷ 7c

മണ്ണിൽ വീണ
പൂവിതളുകൾ, നമ്മൾ
വാടിയ  പോൽ

പൂവിതളുകളത്രേ

ചിലതു സൂര്യപ്രഭയാൽ
നീളവേ പുഞ്ചിരിക്കുന്നു
ചിലതു ഭംഗി
വിടർത്തി തിളങ്ങുന്നു



**Poem**

# The World's Love

**Asharaj .R .S**

How beautiful is the world!
Some happiest moments in the world,
Make everyone happy.

The world is a mixture of
happy and sad ;
Love is the most essential element
in the world.

A man cannot live without love
and a flower cannot blossom
without sunshine.

The world's heart is filled with love.

**CAN YOU LIVE WITHOUT LOVE?**




# <u>കുട്ടികൾ വരച്ച ചിത്രങ്ങൾ</u>











Archa. A. J
V.C
Roll No :- 6
L.M.S.H.S.S chemboor


Akasha.S.B
IX - C




Shibi.S.J


Akarsha S.B
IX - C


5/9/2018
Sheet No: 1
A GIRL
Name: ANSA VINOD
School: L.M.S.H.S.S
Cheroboor
calss: V.C



**ഇ-മാഗസിൻ പൂർത്തിയാക്കാൻ സഹായിക്കുകയും പ്രചോദനം നൽകുകയും ചെയ്ത പ്രഥമ അധ്യാപികയ്ക്കും എസ് ഐ റ്റി സി യ്ക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും....................**

***സ്നേഹത്തിൻെറ ഒരായിരം നന്ദി.......................***




It's just the beginning